ഹദീസ്

മുഹമ്മദ് ഇർശാദ് ടി. ഒളവണ്ണ
muhammedirshad1998t@gmail.com

# ദുൻയാവിനെ ജീവിത ദർശനമാക്കുന്നവർ

عَن الْمُسْتَوْرِد بن شَدَّاد، قَالَ رَسُولُ الله صَلى الله عَلَيْه وَسَلَّم : مَا مِثْلُ الدُّنْيَا فِي الآخِرَة اِلَّا مِثْل مَا يَجْعَل أَحَدُكُم إِصْبَعَه فِي اليَمِّ فَلْيَنْظرْ بِمَ يرجِعُ (مسلم و ابن ماجه)

**മുസ്തൗരിദു ബ്നു ശദ്ദാദിൽനിന്ന്. നബി(സ) പറഞ്ഞു: ''പരലോകത്തെ അപേക്ഷിച്ച് ഐഹിക ജീവിതത്തിന്റെ ഉദാഹരണം, നിങ്ങളിലൊരാൾ സമുദ്രത്തിൽ കൈവിരൽ മുക്കുന്നതു പോലെയാണ്. തിരിച്ചെടുക്കുമ്പോൾ (അതിലെത്ര വെള്ളം പറ്റിപ്പിടിച്ചിട്ടുണ്ടാവുമെന്ന്) അവൻ നോക്കട്ടെ'' (മുസ്‌ലിം, ഇബ്നുമാജ).**

പുതുകാല മനുഷ്യൻ അസ്വസ്ഥനാണ്, അസംതൃപ്തനും. ശാസ്ത്രീയമായി പുരോഗതി പ്രാപിക്കുമ്പോഴും ആത്മീയ വികാസം തീരെ ഇല്ലാതായിപ്പോകുന്നതാണ് അസ്വസ്ഥതയുടെ പ്രധാന കാരണം. ഭൗതികമായും ബൗദ്ധികമായും ദേഹേഛയെ അനുഗമിക്കുന്നതിന്റെ ഫലമായി മനുഷ്യൻ ദുരയുടെ അടിമയായി മാറുന്നു. ക്രമേണ ധർമച്യുതിയിൽ പതിക്കുന്നു. മനുഷ്യാത്മാവിനെ ബാധിക്കുന്ന ഇത്തരം വ്യാധികൾക്കുള്ള പ്രതിവിധിയത്രെ മേലുദ്ധരിച്ച പ്രവാചകവചനം.

ദുൻയാവിനെ ജീവിതലക്ഷ്യമാക്കുന്നവർക്ക് മുമ്പിൽ അതിനെ നിസ്സാരമായി അവതരിപ്പിക്കുകയാണ് ഒരുപമയിലൂടെ തിരുനബി(സ). ഒരാൾ സമുദ്രത്തിൽ കൈമുക്കിയാൽ വിരലിൽ എത്ര വെള്ളമാണോ പറ്റിപ്പിടിക്കുക, അത്ര നിസ്സാരമാണ് ഭൗതികലോകം, പരലോകത്തെ അപേക്ഷിച്ച്. ഈ യാഥാർഥ്യം അൽപമെങ്കിലും ഉൾക്കൊണ്ട ഒരാൾ ഒരിക്കലും ഭൗതികപ്രലോഭനങ്ങളിൽ പെട്ടുപോവുകയില്ല. സുഖലോലുപതയുടെ ബാഹ്യവർണങ്ങളിൽനിന്ന് വിരക്തി നേടി ഐശ്വര്യപൂർണമായ മരണാനന്തര ജീവിതത്തിലേക്കുള്ള മാർഗമായി ഐഹിക വിഭവങ്ങളെ സ്വീകരിക്കുന്നിടത്താണ് യഥാർഥ മുഅ്മിനിന്റെ വിജയം. അതേസമയം, ഭൗതികസുഖങ്ങളിൽനിന്നും ജനസമ്പർക്കങ്ങളിൽനിന്നും അകന്ന് ഏകാന്തമായ ആത്മീയ ജീവിതം നയിക്കലല്ല വിരക്തിയുടെ മാർഗം. അത്തരം രീതികളെ ഇസ്‌ലാം കണിശമായി എതിർത്തിട്ടുണ്ട്. ഭൗതികവിഭവങ്ങളെ സ്വർഗത്തിലേക്കുള്ള പാഥേയമായി ഉപയോഗിക്കുകയാണ് വിശ്വാസി ചെയ്യേണ്ടത്.

മനുഷ്യൻ ദുൻയാവിന്റെ അടിമയാകുന്നതിനെതിരെ വിശുദ്ധ ഖുർആൻ താക്കീത് ചെയ്യുന്നുണ്ട്; ''ഐഹികജീവിതമെന്നത് കളിതമാശയല്ലാതൊന്നുമല്ല'' (*അൽ അൻആം*: 32). മറ്റൊരിടത്ത് ഐഹിക ജീവിതത്തെ ഉദാഹരിക്കുന്നത് ഇപ്രകാരമാണ്: ''അറിയുക, ഈലോക ജീവിതം വെറും കളിയും തമാശയും പുറംപൂച്ചും പരസ്പരമുള്ള  പൊങ്ങച്ചപ്രകടനവും സമ്പത്തിലും സന്താനങ്ങളിലുമുള്ള പെരുമ നടിക്കലും മാത്രമാണ്. അതൊരു മഴപോലെയാണ്. അതുവഴിയുണ്ടാവുന്ന ചെടികൾ കർഷകരെ സന്തോഷഭരിതരാക്കുന്നു. പിന്നെ അതുണങ്ങുന്നു. അങ്ങനെയത് മഞ്ഞച്ചതായി നിനക്കു കാണാം. വൈകാതെ അത് ഉണങ്ങിത്തീരുന്നു. എന്നാൽ, പരലോകത്തോ, കഠിനമായ ശിക്ഷയുണ്ട്. അല്ലാഹുവിൽനിന്നുള്ള പാപമോചനവും പ്രീതിയുമുണ്ട്. ഐഹികജീവിതം ചതിച്ചരക്കല്ലാതൊന്നുമല്ല'' (*അൽ ഹദീദ്*: 20).

സമ്പത്തിന്റെ പൂജകനാവുന്നതിനു പകരം ധനത്തിന്റെ യജമാനനാവുക. ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധം വഴിയും യാത്രക്കാരനും തമ്മിലുള്ളതു പോലെയാണ്. ജനനം മുതൽ തുടക്കം കുറിക്കുന്ന യാത്ര മരണത്തിലേക്കാണ്. യാത്രക്കാരൻ സഞ്ചാരം സുഗമമാവുന്നതിനു വേണ്ടി വഴിയിൽ തന്റെ കൈവശമുള്ള വിഭവങ്ങൾ ചെലവഴിക്കേണ്ടതുണ്ട്. എങ്കിലേ അവന് തന്റെ ശാശ്വത ഗേഹത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. എഴുനൂറ് ഒട്ടകങ്ങളടങ്ങുന്ന കച്ചവടച്ചരക്കുകളുമായി മദീനയിലെത്തിയ അബ്ദുർറഹ്മാനുബ്നു ഔഫിനോട്, താങ്കൾക്ക് ഇഴഞ്ഞുകൊണ്ട് സ്വർഗത്തിൽ പ്രവേശിക്കേണ്ടിവരുമെന്ന് പ്രവാചകൻ(സ) പറഞ്ഞ കാര്യം ആഇശ(റ) ഓർമപ്പെടുത്തിയപ്പോൾ, മുഴുവൻ ചരക്കുകളും ദൈവമാർഗത്തിൽ ദാനം ചെയ്തുകൊണ്ട് അദ്ദേഹം നിവർന്നുനിന്ന് സ്വർഗത്തിൽ പ്രവേശിക്കുന്നതിനുള്ള കഴിവ് ആർജിച്ചെടുക്കുകയായിരുന്നു. കേവല ഭൗതികത ജീവിത ദർശനമാക്കുന്നവർ നാശത്തിലേക്കുള്ള വഴി സ്വയം വെട്ടുകയാണ്. നശ്വര ജീവിതത്തെക്കുറിച്ച് യഥാർഥ ഉൾക്കാഴ്ചയുള്ളവർക്കേ ഈ വീഴ്ചയെ തടുക്കാനാവൂ. ●